# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത് - 2005-06 - വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(7) – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1751 /13/തസ്വഭവ. തിരുവനന്തപുരം, തീയതി: 02/07/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2012-ലെ എം3-28072/12 നമ്പർ കത്ത്.

2) 15/01/2013-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ LF-23785//PT3/12 നമ്പർ കത്ത്.

3) തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 23/04/2013-ലെ ഡിസി4-2554/2013/സിഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം കക്കടാംപുറം -യാക്കീരി റോഡ് നിർമ്മാണത്തിൽ, കരിങ്കല്ല് പാകിയ പ്രതലത്തിൽ പ്രബലിത കോൺക്രീറ്റ് ഉപയോഗിച്ചതിനാൽ 11,741/- രൂപ ഓഡിറ്റ് നിരാകരിച്ചിരുന്നു.

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ 2005-06 വർഷത്തിൽ 2005-06 വർഷത്തിൽ കക്കടാംപുറം-യാക്കീരി ഇടവഴി പ്രവൃത്തി നടത്തിയത് ഗ്രാമസഭയിലൂടെയുള്ള നിർദ്ദേശം പരിഗണിച്ച് സാങ്കേതിക വിദഗ്ധരുടെ സൂക്ഷ്മപരിശോധനയും നടത്തി അംഗീകാരം നേടിയതിനുശേഷമാണെന്നും അപ്രകാരം പ്രവൃത്തി ചെയ്യേണ്ടത് അനിവാര്യമായിരുന്നെന്നും ആയതിനാൽ ടി ചെലവുകൾക്ക് സാധൂകരണം നൽകണമെന്നും 13/06/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15(12)-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്ത് ഭരണസമിതിയുടെ 13/06/2012-ലെ 15(12) നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/08/2012-ലെ 1(1) നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് ഗവണ്മെന്റിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പ്രസ്തുത റോഡ് പ്രവൃത്തി ഇപ്പോഴും കേടുപാടുകൾ സംഭവിക്കാതെ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമായ രീതിയിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് ഗ്രാമപഞ്ചായത്തിന് കഷ്ടനഷ്ടങ്ങൾ ഒന്നും ഉണ്ടായതായി കാണുന്നില്ലെന്നും ആയത് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ സാധൂകരണം

നൽകുന്ന കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ സൂചന 3-ൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) -ൽ തടസ്സപ്പെടുത്തിയ 11,741/- (പതിനൊന്നായിരത്തി എഴുനൂറ്റി നാല്പത്തിയൊന്ന് രൂപ മാത്രം) രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, അബ്ദുറഹിമാൻ നഗർ, ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ